**മധുരമായ കുട്ടികളെ- ഇവിടെ നിങ്ങൾ വനവാസത്തിലാണ്, നല്ല നല്ല വസ്ത്രം ധരിക്കണം, ഭക്ഷണം കഴിക്കണം...... എന്നീ ഇച്ഛകൾ നിങ്ങൾ കുട്ടികളിലുണ്ടാകരുത്, പഠിപ്പിലും സ്വഭാവത്തിലും പരിപൂർണ്ണ ശ്രദ്ധ നൽകൂ.**

**ചോദ്യം-** ജ്ഞാനരത്നങ്ങളാൽ സദാ നിറഞ്ഞിരിക്കുന്നതിനുള്ള മാർഗ്ഗം എന്താണ്?
**ഉത്തരം-** ദാനം. എത്രത്തോളം മറ്റുള്ളവർക്ക് ദാനം നൽകുന്നുവോ അത്രത്തോളം സ്വയത്തിൽ നിറയും. ആരാണോ കേട്ട് സ്വയത്തിൽ ധാരണ ചെയ്ത് പിന്നീട് മറ്റുള്ളവർക്ക് ദാനം നൽകുന്നത് അവരാണ് ബുദ്ധിശാലികൾ. അഥവാ ബുദ്ധിയാകുന്ന സഞ്ചിയിൽ ഓട്ടയുണ്ടെങ്കിൽ അത് പോയിക്കൊണ്ടിരിക്കും, ധാരണയുണ്ടാകില്ല അതിനാൽ നിയമാനുസരണം പഠിപ്പ് പഠിക്കണം. 5 വികാരങ്ങളിൽ നിന്നും ദൂരെയിരിക്കണം. രൂപ്-ബസന്തായി(ജ്ഞാന-യോഗത്തിന്റെ ശക്തി) മാറണം.

**ഓംശാന്തി.** ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ആത്മീയ അച്ഛൻ കർമ്മേന്ദ്രിയങ്ങളിലൂടെ സംസാരിക്കുകയാണ്, ആത്മീയ കുട്ടികളും കർമ്മേന്ദ്രിയങ്ങളിലൂടെയാണ് കേൾക്കുന്നത്. ഇത് പുതിയ കാര്യമാണ്. ലോകത്തിലെ ഒരു മനുഷ്യനും ഇങ്ങനെ പറയാൻ സാധിക്കില്ല. നിങ്ങളിലും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് മനസ്സിലാക്കുന്നത്. ടീച്ചർ പഠിപ്പിക്കുമ്പോൾ വിദ്യാർത്ഥികളുടെ റജിസ്റ്റർ അവരുടെ നിലവാരത്തെ സൂചിപ്പിയ്ക്കുന്നു. റജിസ്റ്ററിൽ നിന്നും അവരുടെ പഠനവും സ്വഭാവവും മനസ്സിലാകും. പഠിപ്പും സ്വഭാവവുമാണ് ആധാരം, ഇത് ഈശ്വരീയ പഠിപ്പാണ് മറ്റാർക്കും പഠിപ്പിക്കാൻ സാധിക്കില്ല. രചയിതാവിന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും, സൃഷ്ടി ചക്രത്തിന്റേയും ജ്ഞാനമാണ്, ഇത് മുഴുവൻ ലോകത്തിലെ ഒരാൾക്കുപോലും അറിയില്ല. ഋഷി മുനിമാർ വളരെ പഠിപ്പും അറിവും അഥോറിറ്റിയുമുള്ളവരാണ്, ആ പ്രാചീന ഋഷി മുനിമാർ സ്വയം പറയുമായിരുന്നു ഞങ്ങൾക്ക് രചയിതാവിനേയും രചനയേയും അറിയില്ല. അച്ഛൻ തന്നെയാണ് വന്ന് പരിചയം നൽകിയത്. ഇത് മുൾക്കാടാണ് എന്ന് പാടുന്നുണ്ട്. കാടിന് തീർച്ചയായും തീ പിടിക്കണം. പൂക്കളുടെ പൂന്തോട്ടത്തിന് ഒരിയ്ക്കലും തീ പിടിക്കില്ല. കാട് മുഴുവൻ ഉണങ്ങിയതായിരിക്കും, പൂന്തോട്ടം പച്ചപ്പുള്ളതായിരിക്കും. പച്ചപ്പുള്ള പുന്തോട്ടത്തിന് തീ പിടിക്കില്ല. ഉണങ്ങിയതിൽ തീ പെട്ടെന്ന് പിടിക്കും. ഇത് പരിധിയില്ലാത്ത കാടാണ്, ഇതിനും തീ പിടിച്ചിരുന്നു. പൂന്തോട്ടത്തിന്റെ സ്ഥാപന ഉണ്ടായിരുന്നു. നിങ്ങളുടെ പുന്തോട്ടം ഇപ്പോൾ ഗുപ്തമായി സ്ഥാപിതമായിക്കൊണ്ടിരിയ്ക്കുകയാണ്. നിങ്ങൾക്കറിയാം നമ്മൾ ഇപ്പോൾ പൂന്തോട്ടത്തിലെ സുഗന്ധ പുഷ്പം ദേവതയായി മാറിക്കൊണ്ടിരിയ്ക്കുകയാണ്, അതിന്റെ പേരാണ് സ്വർഗ്ഗം. ഇപ്പോൾ സ്വർഗ്ഗം സ്ഥാപിക്കുകയാണ്. അത്ഭുതമാണ്, നിങ്ങൾ എത്ര തന്നെ മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുത്താലും ഇത് ആരുടേയും ബുദ്ധിയിൽ കയറുന്നില്ല, ആരാണോ ഈ ധർമ്മത്തിലില്ലാത്തത് അവരുടെ ബുദ്ധിയിൽ കയറുകയുമില്ല. ഒരു കാതിലൂടെ കേൾക്കും മറുകാതിലൂടെ പുറത്ത് കളയും. സത്യത്രേതായുഗങ്ങളിൽ ഭാരതവാസികൾ എത്ര കുറവായിരിക്കും. പിന്നീട് ദ്വാപര കലിയുഗങ്ങളിൽ എത്ര വൃദ്ധി നേടുന്നു. അവിടെ ഒന്നോ രണ്ടോ കുട്ടികൾ ഇവിടെ 4-5 കുട്ടികൾ എങ്കിൽ തീർച്ചയായും വൃദ്ധിയാവില്ലേ. ഭാരതവാസികൾ തന്നെയാണ് ഇപ്പോൾ ഹിന്ദു എന്ന് പറയപ്പെടുന്നത്. വാസ്തവത്തിൽ ദേവതാ ധർമ്മത്തിലുള്ളവരായിരുന്നു ബാക്കി ഒരു ധർമ്മത്തിലുള്ളവരും തന്റെ ധർമ്മത്തെ മറക്കുന്നില്ല. ഭാരതവാസികളാണ് മറന്ന് പോകുന്നത്. നോക്കൂ ഈ സമയത്ത് എത്രയധികം മനുഷ്യരാണ്. ഇത്രയും പേരൊന്നും ജ്ഞാനമെടുക്കില്ല. ഓരോരുത്തർക്കും തന്റെ ജന്മങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ സാധിക്കും. പൂർണ്ണമായും 84 ജന്മങ്ങൾ എടുക്കുന്നവർ തീർച്ചയായും പഴയ ഭക്തരായിരിക്കും. നമ്മൾ എത്ര ഭക്തി ചെയ്തിട്ടുണ്ട് എന്നത് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. കുറച്ചേ ചെയ്തിട്ടുള്ളുവെങ്കിൽ ജ്ഞാനവും കുറച്ചേ എടുക്കു പിന്നെ മനസ്സിലാക്കിക്കൊടുക്കുന്നതും കുറച്ച് പേർക്കായിരിക്കും. വളരെ അധികം ഭക്തി ചെയ്തിട്ടുണ്ടെങ്കിൽ കൂടുതൽ ജ്ഞാനവും എടുക്കും വളരെയധികം പേർക്ക് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യും. ജ്ഞാനം എടുക്കുന്നില്ലെങ്കിൽ കുറച്ചേ മനസ്സിലാക്കിക്കൊടുക്കാൻ കഴിയൂ അതിനാൽ അവർക്ക് ലഭിക്കുന്ന ഫലവും കുറവായിരിക്കും. കണക്കുണ്ടല്ലോ. ബാബയ്ക്ക് ഒരു കുട്ടി കണക്കെടുത്ത് അയച്ചു- ഇസ്ലാമികൾക്ക് ഇത്ര ജന്മം, ബൗദ്ധികൾക്ക് ഇത്ര ജന്മമായിരിക്കും ഉണ്ടാവുക. ബുദ്ധനും ധർമ്മസ്ഥാപകനാണ്. അവർക്ക് മുമ്പ് ബുദ്ധധർമ്മത്തിലെ ആരും ഉണ്ടായിരുന്നില്ല. ബുദ്ധന്റെ ആത്മാവ് വന്ന് പ്രവേശിച്ചു. അവർ ബുദ്ധധർമ്മം സ്ഥാപിച്ചു. പിന്നീട് ഒരാളിൽ നിന്നും വൃദ്ധിയുണ്ടാകുന്നു. ബുദ്ധനും ഒരു പ്രജാപിതാവാണ്. ഒരാളിൽ നിന്ന് എത്ര വൃദ്ധിയുണ്ടാകുന്നു. നിങ്ങൾക്കാണെങ്കിൽ രാജാവാകണം- അതും പുതിയ ലോകത്തിൽ. ഇവിടെ വനവാസത്തിലാണ്. ഏതൊരു വസ്തുവിന്റെയും ലഹരിയുണ്ടാകരുത്. നമുക്ക് നല്ല നല്ല വസ്ത്രങ്ങൾ ധരിക്കണം- ഈ ചിന്തയും ദേഹാഭിമാനമാണ്. എന്ത് കിട്ടിയോ അത് നല്ലത്. ഈ

ലോകംതന്നെ കുറച്ച് സമയത്തേയ്ക്കാണ്. ഇവിടെ നല്ല വസ്ത്രങ്ങൾ ധരിച്ചാൽ അവിടെ കുറവ് വരും. ഇതിനോടുള്ള താല്പര്യത്തേയും ഉപേക്ഷിക്കണം. മുന്നോട്ട് പോകവേ നിങ്ങൾ കുട്ടികൾക്ക് തന്നെ സാക്ഷാത്ക്കാരങ്ങൾ ലഭിച്ചുകൊണ്ടിരിക്കും. നിങ്ങൾ സ്വയം പറയും ഇവർ നന്നായി സേവനം ചെയ്യുന്നുണ്ട്, അത്ഭുതമാണ്. ഇവർ തീർച്ചയായും ഉയർന്ന നമ്പർ നേടും. പിന്നീട് തനിക്കു സമാനമാക്കി മാറ്റിക്കൊണ്ടിരിക്കും. ദിനംപ്രതി ദിനം പുന്തോട്ടം വൃദ്ധി നേടിക്കൊണ്ടിരിക്കും. എത്ര ദേവീ ദേവന്മാർ സത്യയുഗത്തിലും ത്രേതായുഗത്തിലുമുണ്ടോ അവർ എല്ലാവരും ഗുപ്തത്തിൽ ഇവിടെത്തന്നെ ഇരിക്കുന്നുണ്ട് പിന്നീട് പ്രത്യക്ഷമാകും. ഇപ്പോൾ നിങ്ങൾ ഗുപ്തമായി പദവി നേടിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് അറിയാം നമ്മൾ മൃത്യുലോകത്തിൽ പഠിയ്ക്കുന്നു, പദവി അമരലോകത്തിൽ നേടും. ഇങ്ങനെയൊരു പഠിപ്പ് മുമ്പ് കണ്ടിട്ടുണ്ടോ. ഇത് അത്ഭുതമാണ്. പഠിക്കുന്നത് പഴയ ലോകത്തിൽ, പദവി നേടുന്നത് പുതിയ ലോകത്തിൽ. അമരലോകത്തിന്റെ സ്ഥാപനയും മൃത്യുലോകത്തിന്റെ വിനാശവും ചെയ്യിപ്പിയ്ക്കുന്ന ആൾ തന്നെയാണ് പഠിപ്പിക്കുന്നതും. നിങ്ങളുടെ ഈ പുരുഷോത്തമ സംഗമയുഗം വളരെ ചെറുതാണ്, ഇതിൽ തന്നെയാണ് അച്ഛൻ പഠിപ്പിക്കാനായി വരുന്നത്. വരുമ്പോൾ മാത്രമാണ് പഠിപ്പ് തുടങ്ങുന്നത്. അപ്പോഴാണ് ബാബ പറയുന്നത് എഴുതൂ- ശിവജയന്തി തന്നെ ഗീതാജയന്തി. ഇവരെ മനുഷ്യർക്ക് അറിയില്ല. അവർ കൃഷ്ണന്റെ പേര് വെച്ചു. ഇപ്പോൾ ഈ തെറ്റ് ആളുകൾ മനസ്സിലാക്കണം. എത്ര വലിയ വലിയ ആളുകളാണ് മ്യൂസിയത്തിലേയ്ക്ക് വരുന്നത്, അവർക്ക് ബാബയെ അറിയാം എന്നല്ല, ഒന്നും അറിയില്ല. അതിനാലാണ് ഫോം പൂരിപ്പിക്കാൻ പറയുന്നത് അവർ എന്തെങ്കിലും പഠിച്ചിട്ടുണ്ടോ എന്ന് ഇതിലൂടെ മനസ്സിലാക്കാം. അല്ലാതെ അവിടെ വന്ന് വേറെന്ത് ചെയ്യാനാണ്. സാധു സന്യാസി മഹാത്മാക്കളുടെ അടുത്തേയ്ക്ക് പോകുന്നത് പോലെയല്ല ഇവിടെ. ഇവരുടേത് അതേ സാധാരണ രൂപമാണ്. വസ്ത്രത്തിലും ഒരു വ്യത്യാസവുമില്ലാത്തതിനാൽ ആർക്കും മനസ്സിലാക്കാനും സാധിക്കില്ല. ഇവർ രത്നവ്യാപാരിയായിരുന്നു എന്നു മാത്രമാണ് മനസ്സിലാക്കുന്നത്. ആദ്യം വിനാശി രത്നങ്ങളുടെ വ്യാപാരിയായിരുന്നു.ഇപ്പോൾ അവിനാശിയായ രത്നങ്ങളുടെ വ്യാപാരിയായിരിക്കുന്നു. നിങ്ങൾ പരിധിയില്ലാത്ത അച്ഛനുമായി വ്യാപാരം ചെയ്യുന്നു. ബാബ ഏറ്റവും വലിയ കച്ചവടക്കാരനും ഇന്ദ്രജാലക്കാരനും രത്നാകരനുമാണ്. അതിനാൽ എല്ലാവരും സ്വയം മനസ്സിലാക്കണം ഞാൻ രൂപ് ബസന്താണ്. നമ്മുടെയുള്ളിൽ ലക്ഷക്കണക്കിന് വിലയുള്ള ജ്ഞാനരത്നങ്ങളാണുള്ളത്. ഈ ജ്ഞാനരത്നങ്ങളിലൂടെ നിങ്ങൾ പവിഴബുദ്ധിയായി മാറുന്നു. ഇതും മനസ്സിലാക്കേണ്ട കാര്യമാണ്. ഈ കാര്യങ്ങൾ മനസ്സിലാക്കി ധാരണചെയ്യുന്ന നല്ല ബുദ്ധിശാലി കുട്ടികളുണ്ട്. അഥവാ ധാരണയുണ്ടാകുന്നില്ലെങ്കിൽ പിന്നെ ഒന്നിനും കൊള്ളില്ല. മനസ്സിലാക്കണം അവരുടെ സഞ്ചിയിൽ ഓട്ടയുണ്ട്, ചോർന്നു പോകുന്നുണ്ട്. അച്ഛൻ പറയുന്നു ഞാൻ നിങ്ങൾക്ക് അവിനാശീ ജ്ഞാനരത്നങ്ങളുടെ ദാനം നൽകുന്നു. അഥവാ നിങ്ങൾ ദാനം നൽകിക്കൊണ്ടിരുന്നാൽ നിറഞ്ഞുകൊണ്ടിരിക്കും. ഇല്ലെങ്കിൽ ഒന്നുമില്ല, കാലിയാണ്. പഠിക്കുന്നില്ല, നിയമപ്രകാരം നടക്കുന്നില്ല. ഇവിടെ വിഷയങ്ങൾ വളരെ നല്ലതാണ്. 5 വികാരങ്ങളിൽ നിന്ന് നിങ്ങൾക്ക് തീർത്തും ദൂരെപ്പോകണം.

അച്ഛൻ മനസ്സിലാക്കിത്തന്നിട്ടുണ്ട് രക്ഷാബന്ധനം ഈ സമയത്തെ ആഘോഷമാണ്. മനുഷ്യർക്ക് പക്ഷേ എന്തിനാണ് രക്ഷാബന്ധൻ അണിയുന്നത് എന്ന് അറിയില്ല. അവർ രാഖി അണിഞ്ഞുകൊണ്ടുമിരിക്കുന്നുണ്ട് അപവിത്രമാകുകയും ചെയ്യുന്നുണ്ട്. മുമ്പ് ബ്രാഹ്മണരായിരുന്നു അണിയിച്ചിരുന്നത്. ഇപ്പോൾ സഹോദരിമാർ സഹോദരന് അണിയിക്കുന്നു-പണത്തിന് വേണ്ടി. അവിടെ പവിത്രതയുടെ കാര്യമില്ല. വളരെ ഫാഷനുള്ള രാഖികൾ നിർമ്മിക്കുന്നു. ഈ ദീപാവലി, ദസറ എല്ലാം സംഗമത്തിലേതാണ്. എന്ത് പ്രവർത്തിയാണോ ബാബ ചെയ്തിട്ടുള്ളത് അത് പിന്നീട് ഭക്തിമാർഗ്ഗത്തിൽ നടന്നുവരുന്നു. ബാബ നിങ്ങളെ സത്യമായ ഗീത കേൾപ്പിച്ച് ഈ ലക്ഷ്മീ നാരായണനാക്കി മാറ്റുന്നു. ഇപ്പോൾ നിങ്ങൾ ഫസ്റ്റ് ഗ്രേഡിലേയ്ക്ക് പോവുകയാണ്. സത്യ നാരായണന്റെ കഥ കേട്ട് നിങ്ങൾ നരനിൽ നിന്നും നാരായണനായി മാറുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ മുഴുവൻ ലോകത്തേയും ഉണർത്തണം. അതിന് യോഗത്തിന്റെ എത്ര ശക്തി വേണം. യോഗത്തിന്റെ ശക്തിയിലൂടെയാണ് നിങ്ങൾ കല്പ കല്പം സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത്. യോഗബലത്തിലൂടെ സ്ഥാപനയും ബാഹുബലത്തിലൂടെ വിനാശവും സംഭവിയ്ക്കുന്നു. രണ്ട് പദങ്ങളേയുള്ളു- അല്ലാഹുവും സമ്പത്തും. യോഗബലത്തിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകുന്നു. നിങ്ങളുടെ ജ്ഞാനം തീർത്തും ഗുപ്തമാണ്. സതോപ്രധാനമായിരുന്ന നിങ്ങൾ ഇപ്പോൾ തമോപ്രധാനമായിരിക്കുന്നു. ഇനി വീണ്ടും സതോപ്രധാനമായി മാറണം. ഓരോ വസ്തുവും പുതിയതിൽ നിന്നും തീർച്ചയായും പഴയതാകും. പുതിയ ലോകത്തിൽ ഇല്ലാത്തതായി എന്തുണ്ട്. പഴയ ലോകത്തിലാണെങ്കിൽ ഒന്നും തന്നെയില്ല. തീർത്തും പൊള്ളയായിരിക്കുന്നു. സ്വർഗ്ഗമായിരുന്നപ്പോൾ ഭാരതം എങ്ങനെയായിരുന്നു, ഇപ്പോൾ നരകമായപ്പോൾ എങ്ങനെയായി. രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. രാവണന്റെ രൂപമുണ്ടാക്കി കത്തിക്കുന്നു പക്ഷേ അർത്ഥം മനസ്സിലാക്കുന്നില്ല. ഇവർ എന്തൊക്കെയാണീ ചെയ്യുന്നത് എന്ന് നിങ്ങൾക്ക് ഇപ്പോൾ മനസ്സിലാക്കാൻ സാധിക്കും. നിങ്ങളിലും ഇന്നലെവരെ അജ്ഞാനമായിരുന്നു.

എന്നാൽ ഇന്ന് ജ്ഞാനം നിറഞ്ഞിരിയ്ക്കുന്നുണ്ട്. ഇന്നലെ നരകത്തിലായിരുന്നു, ഇന്ന് യഥാർത്ഥത്തിൽ സ്വർഗ്ഗത്തിലേയ്ക്ക് പോവുകയാണ്, ലോകത്തിലുള്ളവർ സ്വർഗ്ഗവാസിയായി എന്നു പറയുന്നതുപോലെ യല്ല. ഇപ്പോൾ നിങ്ങൾ സ്വർഗ്ഗത്തിലേയ്ക്കുപോയാൽ പിന്നെ നരകം ഉണ്ടാകില്ല. എത്ര മനസ്സിലാക്കേണ്ട കാര്യമാണ്. പക്ഷേ കാര്യം സെക്കന്റിന്റേതാണ്. അച്ഛനെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. ഇത് എല്ലാവരോടും പറഞ്ഞുകൊണ്ടിരിക്കൂ. പറയൂ, നിങ്ങൾ ഈ ലക്ഷ്മീ നാരായണനെപ്പോലെയായിരുന്നു പിന്നീട് 84 ജന്മങ്ങൾ എടുത്താണ് ഇങ്ങനെയായി മാറിയത്. സതോപ്രധാനത്തിൽ നിന്നും തമോപ്രധാനമായിരിക്കുന്നു ഇനി വീണ്ടും സതോപ്രധാനമായി മാറണം. ആത്മാവിന് വിനാശമുണ്ടാകില്ല. ബാക്കി തീർച്ചയായും തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി  മാറുകതന്നെ വേണം. ബാബ വിവിധ രീതികളിൽ പറഞ്ഞുതരുകയാണ്. എന്റെ ബാറ്ററി ഒരിയ്ക്കലും പഴയതാകില്ല. ബാബ ഇത്രമാത്രം പറയുന്നു സ്വയത്തെ ബിന്ദു ആത്മാവാണെന്നു മനസ്സിലാക്കൂ. ഇവരുടെ ആത്മാവ് വേർപെട്ടു എന്നു പറയാറുണ്ട്. ആത്മാവ് സംസ്ക്കാരത്തിന്റെ ആധാരത്തിൽ ഒരു ശരീരം ഉപേക്ഷിച്ച് രണ്ടാമത് ഒന്ന് എടുക്കുന്നു. ഇപ്പോൾ ആത്മാക്കൾക്ക് വീട്ടിലേയ്ക്ക് പോകണം. ഇതും ഡ്രാമയാണ്. സൃഷ്ടിചക്രം ആവർത്തിച്ചുകൊണ്ടേയിരിക്കും.  അവസാന സമയത്ത് കണക്ക് എടുത്തുകൊണ്ട് പറയും ലോകത്തിൽ ഇത്രയും മനുഷ്യരുണ്ട്. ഇത്രയും ആത്മാക്കളുണ്ട് എന്ന് എന്തുകൊണ്ടാണ് പറയാത്തത്. അച്ഛൻ പറയുന്നു മക്കളേ നിങ്ങൾ എന്നെ എത്രത്തോളം മറന്നുപോയി. വീണ്ടും എനിക്കുതന്നെ എല്ലാവരുടേയും മംഗളം ചെയ്യണം, അതുകൊണ്ടാണ് അച്ഛനെ വിളിക്കുന്നത്. നിങ്ങൾ അച്ഛനെ മറക്കുന്നു, അച്ഛൻ ഒരിയ്ക്കലും മക്കളെ മറക്കില്ല. അച്ഛൻ വരുന്നത് പതിതരെ പാവനമാക്കാനാണ്. ഇതാണ് ഗോമുഖം. ബാക്കി കാളയുടെ കാര്യമൊന്നുമില്ല. ഇത് ഭാഗ്യശാലിയായ രഥമാണ്. ബാബ നിങ്ങൾ കുട്ടികളോട് പറയുന്നു ശിവബാബ നമ്മളെ അലങ്കരിക്കുകയാണ്. ഇത് ഉറച്ച ഓർമ്മവേണം. ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ വളരെയധികം ഗുണമുണ്ട്. ബാബ നമ്മളെ ഇദ്ദേഹത്തിലൂടെ(ബ്രഹ്മാവിലൂടെ) പഠിപ്പിക്കുകയാണ്, അതിനാൽ ബ്രഹ്മാവിനെ ഓർമ്മിക്കേണ്ടതില്ല. സദ്ഗുരു ഒരു ശിവബാബയാണ്, ശിവബാബയിലാണ് നിങ്ങൾക്ക് ബലിയാകേണ്ടത്. ഇദ്ദേഹവും ബാബയിൽ ബലിയായിരിക്കുകയാണ്. ബാബ പറയുന്നു എന്നെമാത്രം ഓർമ്മിക്കൂ. കുട്ടികൾ പോകുന്നത് സത്യയുഗീ പുഷ്പങ്ങളുടെ ലോകത്തിലേയ്ക്കാണ്, പിന്നെന്തിനാണ് മുള്ളുകളോട് മോഹം വെയ്ക്കുന്നത്. 63 ജന്മങ്ങൾ ഭക്തിമാർഗ്ഗത്തിൽ ശാസ്ത്രങ്ങൾ പഠിച്ചും പൂജകൾ ചെയ്തും വന്നു. നിങ്ങൾ ആദ്യം ചെയ്തത് ശിവബാബയുടെ പൂജയായിരുന്നു അപ്പോഴാണ് സോമനാഥ ക്ഷേത്രം നിർമ്മിച്ചത്. ക്ഷേത്രങ്ങൾ മുഴുവൻ രാജാക്കന്മാരുടെ വീടുകളിലായിരുന്നു, എത്ര വജ്രങ്ങളും രത്നങ്ങളുമുണ്ടായിരുന്നു. പിന്നീട് വന്ന് ആക്രമിച്ചു. ഒരു ക്ഷേത്രത്തിൽ നിന്ന് എത്രയധികം സ്വർണ്ണമാണ് കൊണ്ടുപോയത്. നിങ്ങൾ ഇപ്രകാരം ധനവാനായ വിശ്വത്തിന്റെ  അധികാരി ആകുന്നു. ഇദ്ദേഹം ധനവാനായിരുന്നു, വിശ്വത്തിന്റെ അധികാരിയായിരുന്നു പക്ഷേ ഇവർ രാജ്യം ഭരിച്ചിട്ട് ഇപ്പോൾ എത്ര സമയം കഴിഞ്ഞു ഇത് ആർക്കും അറിയില്ല. ബാബ പറയുന്നു 5000 വർഷം കഴിഞ്ഞിരിക്കുന്നു. 2500 വർഷം രാജ്യം ഭരിച്ചു, ബാക്കി 2500 വർഷങ്ങൾക്കുള്ളിൽ ഇത്രയധികം  മഠങ്ങളും മാർഗ്ഗങ്ങളും വൃദ്ധി പ്രാപിച്ചു.

നിങ്ങൾ കുട്ടികൾക്ക് വളരെയധികം സന്തോഷം ഉണ്ടായിരിക്കണം നമ്മെ പഠിപ്പിക്കുന്നത് പരിധിയില്ലാത്ത അച്ഛനാണ്. അളവില്ലാത്ത സമ്പത്ത് ലഭിക്കുന്നു. സാഗരത്തിൽ നിന്നും ദേവത രത്നങ്ങൾ നിറച്ച താലവുമായി വന്നതായി കാണിക്കുന്നുണ്ട്. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനരത്നങ്ങൾ നിറച്ച താലങ്ങൾ തരുന്നു. അച്ഛൻ ജ്ഞാനസാഗരനാണ്. ചിലർ നല്ലരീതിയിൽ താലം നിറയ്ക്കുന്നു, ചിലരുടേത് ചിലവായിപ്പോകുന്നു. ആരാണോ നല്ലരീതിയിൽ പഠിക്കുന്നത്, പഠിപ്പിക്കുന്നത് അവർ തീർച്ചയായും വലിയ ധനവാനാകും. രാജധാനി സ്ഥാപിക്കുകയാണ്. ഇതും ഡ്രാമയിൽ അടങ്ങിയതാണ്. ആരാണോ നല്ലരീതിയിൽ പഠിക്കുന്നത് അവർക്കാണ് സ്ക്കോളർഷിപ്പ് ലഭിക്കുന്നത്. ഇത് ഈശ്വരീയ സ്കോളർഷിപ്പാണ്, അവിനാശിയാണ്. അത് വിനാശിയാണ്. ഏണിപ്പടിയുടെ ചിത്രം വളരെ അത്ഭുതകരമാണ്. 84 ജന്മങ്ങളുടെ കഥയല്ലേ. ബാബ പറയുന്നു ഏണിപ്പടിയുടെ വലിയ പ്രകാശം ചിതറുന്ന ചിത്രം ഉണ്ടാക്കൂ അത് ദൂരെ നിന്നുതന്നെ കാണാൻ കഴിയണം. മനുഷ്യർ കണ്ട് അത്ഭുതപ്പെടും. പിന്നീട് നിങ്ങളുടെ പേരും പ്രശസ്തമാകാൻ തുടങ്ങും. ഇപ്പോൾ ആരാണോ വന്ന് വട്ടം കറങ്ങി തിരികെപ്പോകുന്നത് അവർ അവസാന സമയത്ത് വരും. രണ്ടോ നാലോ തവണ വട്ടം കറങ്ങി, അഥവാ ഭാഗ്യത്തിലുണ്ടെങ്കിൽ രക്ഷപ്പെടും. പ്രകാശം ഒന്നേയുള്ളു പിന്നെ എവിടെപ്പോകാനാണ്. കുട്ടികൾക്ക് വളരെ മധുരമായി മാറണം. എപ്പോൾ യോഗത്തിലിരിക്കുന്നോ അപ്പോഴേ മധുരമായി മാറു. യോഗത്തിലൂടെയാണ് ആകർഷണം  ഉണ്ടാകുന്നത്. ഏതുവരെ കറ ഇളകുന്നില്ലയോ അതുവരെ ആർക്കും ആകർഷണം ഉണ്ടാകില്ല. ഈ ഏണിപ്പടിയുടെ രഹസ്യം സർവ്വാത്മാക്കൾക്കും മനസ്സിലാക്കിക്കൊടുക്കണം. പതുക്കെ പതുക്കെ നമ്പർവൈസായി എല്ലാവരും അറിയാൻ തുടങ്ങും. ഇതാണ് ഡ്രാമ. വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിച്ചുകൊണ്ടിരിക്കും. ഇത് മനസ്സിലാക്കിത്തന്ന ആളെ ഓർമ്മിക്കേണ്ടേ. ബാബയെ സർവ്വവ്യാപി എന്നു പറയുന്നു എന്നാൽ ഇവിടെ സർവ്വവ്യാപിയായത് മായയാണ്, ബാബ ഇവിടെയുണ്ട് എന്തെന്നാൽ സെക്കന്റിൽ വരാൻ സാധിക്കും.

ബാബ ഇദ്ദേഹത്തിൽ ഇരിക്കുന്നുണ്ട് എന്ന് നിങ്ങൾ മനസ്സിലാക്കണം. ചെയ്യുന്നവനും ചെയ്യിപ്പിയ്ക്കുന്നവനുമല്ലേ. ചെയ്യുന്നുമുണ്ട്, ചെയ്യിപ്പിക്കുന്നുമുണ്ട്, കുട്ടികൾക്ക് നിർദേശം നൽകുന്നു. സ്വയം ചെയ്തു കൊണ്ടുമിരിക്കുന്നു. ബാബയ്ക്ക് ഈ ശരീരത്തിൽ ഇരുന്ന് എന്തെല്ലാം ചെയ്യാൻ സാധിക്കും, എന്തെല്ലാം ചെയ്യാൻ സാധിക്കില്ല എന്ന് കണക്കാക്കൂ. ബാബ കഴിക്കുന്നില്ല ഭാവന സ്വീകരിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം -

1. രൂപബസന്തായി മാറി തന്റെ ബുദ്ധിയാകുന്ന സഞ്ചിയെ അവിനാശിയായ ജ്ഞാനരത്നങ്ങൾ കൊണ്ട് സദാ നിറച്ച് വെയ്ക്കണം. ബുദ്ധിയാകുന്ന സഞ്ചിയിൽ ഓട്ട ഉണ്ടാകരുത്. ജ്ഞാനരത്നങ്ങളെ ധാരണ ചെയ്ത് മറ്റുള്ളവർക്ക് ദാനം ചെയ്യണം.

2. സ്കോളർഷിപ്പ് നേടുന്നതിനുവേണ്ടി പഠിപ്പ് നന്നായി പഠിക്കണം. പൂർണ്ണമായും വനവാസത്തിൽ കഴിയണം. ഒരു പ്രകാരത്തിലുള്ള ഇച്ഛകളും ഉണ്ടാകരുത്. സുഗന്ധമുള്ള പുഷ്പമായി മാറി മറ്റുള്ളവരേയും ആക്കി മാറ്റണം.

## വരദാനം:- വാർത്തകളാകുന്ന മേഘങ്ങളെ കണ്ട് പരിഭ്രമിക്കുന്നതിന് പകരം സെക്കന്റിൽ മറി കടക്കുന്ന സിദ്ധി സ്വരൂപരായി ഭവിക്കട്ടെ.

പല കുട്ടികളും ശാസ്ത്രജ്ഞരെപ്പോലെ വാർത്തകളുണ്ടാക്കാൻ മിടുക്കരാണ്. ഇങ്ങനെയുള്ള വാർത്തകളുണ്ടാക്കുന്നു അത് കേൾക്കുമ്പോഴേ ബാബക്ക് ചിരി വരുന്നു പക്ഷെ മറ്റുള്ളവർ പ്രഭാവിതരാകുന്നു. ഈ അനേക പ്രകാരത്തിലുള്ള വ്യർത്ഥ വാക്കുകൾ വ്യർത്ഥ റജിസ്റ്ററുകളുടെ കൂമ്പാരം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു, അതിനാൽ ഇതിൽ നിന്ന് മാറി നിൽക്കൂ, നിഷ്കളങ്കരാകൂ. ബാബയെ നോക്കൂ, വാർത്തകളെയല്ല. ഈ വാർത്തകൾ തന്നെയാണ് മേഘങ്ങൾ, ഇവയെ സെക്കന്റിനുള്ളിൽ മറികടക്കുന്നതിന്റെ വിധിയിലൂടെ സിദ്ധിസ്വരൂപരാകൂ.

## സ്ലോഗൻ:- ഏതെങ്കിലും കാര്യത്തിൽ ചോദ്യചിഹ്നം ഇടുക എന്നാൽ വ്യർത്ഥത്തിന്റെ കണക്ക് ആരംഭിക്കുക.

**അവ്യക്തി സൈലൻസിലൂടെ ഡബിൾലൈറ്റ് ഫരിസ്ത സ്ഥിതിയുടെ അനുഭവം ചെയ്യൂ.**
ഇപ്പോൾ തന്റെ ഹൃദയത്തിന്റെ ശുഭഭാവന മറ്റാത്മാക്കൾ വരെ എത്തിക്കൂ. സൈലൻസിന്റെ ശക്തിയെ പ്രത്യക്ഷപ്പെടുത്തൂ. ഓരോ ബ്രാഹ്മണക്കുട്ടികളിലും ഈ സൈലൻസിന്റെ ശക്തിയുണ്ട്. കേവലം ഈ ശക്തിയെ മനസ്സിൽ നിന്നും ശരീരത്തിൽ നിന്നും പുറത്തെടുക്കൂ. ഒരു സെക്കന്റിനുള്ളിൽ മനസ്സിന്റെ സങ്കൽപങ്ങളെ ഏകാഗ്രമാക്കൂ അപ്പോൾ ഫരിസ്താ രൂപത്തിലൂടെ വായുമണ്ഡലത്തിൽ സൈലൻസിന്റെ ശക്തിയുടെ പ്രകമ്പനങ്ങൾ പരത്താൻ സാധിക്കും.